**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 – 2332120, 2338487

**<u>വിജ്ഞാപനം</u>**

**<u>കീം-2025</u>**
**<u>എംബിബിഎസ്/ബിഡിഎസ് കോഴ്സുകളിലേക്കുള്ള</u>**
**<u>മൂന്നാംഘട്ട അലോട്ട്മെന്റിനുള്ള ഓപ്ഷൻ കൺഫർമേഷൻ</u>**

കേരളത്തിലെ സർക്കാർ കോളേജുകളിലെയും സ്വാശ്രയ കോളേജുകളിലെയും 2025-26 വർഷത്തെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള മൂന്നാംഘട്ട ഓപ്ഷൻ കൺഫർമേഷൻ നടപടികൾ ആരംഭിച്ചു.

**<u>ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമാണ്</u>**

എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ നിലവിലുള്ള ഹയർ ഓപ്ഷനുകൾ മൂന്നാം ഘട്ട അലോട്ട്മെന്റിലേക്ക് പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **'Confirm'** ബട്ടൺ ക്ലിക്ക് ചെയ്ത് ഓൺലൈൻ കൺഫർമേഷൻ നിർബന്ധമായും നടത്തേണ്ടതാണ്. ഓൺലൈൻ കൺഫർമേഷനെ തുടർന്ന് ഹയർ ഓപ്ഷൻ പുന:ക്രമീകരണം/ആവശ്യമില്ലാത്തവ റദ്ദാക്കൽ എന്നിവയ്ക്കുള്ള സൗകര്യം **14.10.2025, രാവിലേ 11.00 മണി** വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അലോട്ട്മെന്റ് നടക്കാത്ത സീറ്റുകൾ ഈ അവസരത്തിൽ *convert* ചെയ്യപ്പെടും.

**<u>ആദ്യ ഘട്ടങ്ങളിലെ അലോട്ട്മെന്റിലൂടെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ അഡ്മിഷൻ ലഭിച്ചവരും, ഓപ്ഷൻ നൽകിയിട്ടും അലോട്ട്മെന്റൊന്നും ലഭിക്കാത്തവരും മൂന്നാംഘട്ട അലോട്ട്മെന്റിനായി പരിഗണിക്കപ്പെടണമെങ്കിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമായും നടത്തേണ്ടതാണ്</u>**. മൂന്നാം ഘട്ടത്തിലേയ്ക്ക് ഓൺലൈൻ ഓപ്ഷൻ കണഫർമേഷൻ നടത്തിയില്ലെങ്കിലും മുൻ ഘട്ടങ്ങളിലെ അലോട്ട്മെന്റിലൂടെയുള്ള അഡ്മിഷൻ നിലവിലുണ്ടെങ്കിൽ അത് നിലനിൽക്കുന്നതായിരിക്കും. കേരള മെഡിക്കൽ കോളേജ്, പാലക്കാടിലേക് ഈ ഘട്ടത്തിൽ **ഓപ്ഷൻ രജിസ്ട്രേഷൻ സൗകര്യം** ലഭ്യമാണ്. ജനറൽ വിഭാഗത്തിലുള്ളവർക്ക് 8,10,175/- രൂപയും, NRI വിഭാഗത്തിന് 22,74,006/- രൂപയും ആയിരിക്കും വാർഷിക ഫീസ് (താൽക്കാലികം). മേൽ കോളേജിന്റെ ഫീസ് അന്തിമമാകതത്തിനാൽ ഫീ റെഗുലേറ്ററി കമ്മിറ്റി / സർക്കാർ നിശ്ചയികുന്ന അന്തിമ ഫീസ് അംഗീകരിക്കുവാൻ വിദ്യാർത്ഥികളും കോളേജും ബാധ്യസ്ഥരാണ്.

14.10.2025, രാവിലെ 11.00 മണി വരെ ലഭിക്കുന്ന ഓൺലൈൻ ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്കുള്ള മൂന്നാംഘട്ട താത്ക്കാലിക അലോട്ട്മെന്റ് 15.10.2025 ന് പ്രസിദ്ധീകരിക്കുന്നതാണ്. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ബാക്കി തുക (ബാധകമെങ്കിൽ) ഒടുക്കിയ ശേഷം അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്.

**അലോട്ട്മെന്റ് ഷെഡ്യൂൾ (താൽക്കാലികം)**

| | |
|---|---|
| 06.10.2025 | എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്ക് ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, നിലവിലുള്ള ഓപ്ഷൻ പുന:ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും, പുതുതായി ചേർക്കപ്പെട്ട സീറ്റുകളിലേയ്ക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനും വെബ്സൈറ്റ് സജ്ജമാകുന്നു. |
| 14.10.2025, 11.00 AM | ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |
| 15.10.2025 | മൂന്നാംഘട്ട അലോട്ട്മെന്റ് (താത്ക്കാലികം) പ്രസിദ്ധീകരണം. |
| 16.10.2025 | മൂന്നാംഘട്ട അന്തിമ അലോട്ട്മെന്റ് പ്രസിദ്ധീകരണം. |
| 17.10.2025 to 22.10.2025, 4.00 PM | അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് കോളേജിൽ പ്രവേശനം നേടാനുള്ള സമയം. |
| 22.10.2025, 5.00 PM | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (OAMS) മുഖേന സമർപ്പിക്കേണ്ട സമയം. |

**ഫീസ്**

എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലെ വിവിധ കോളേജുകളിലെ ഫീസ് നിരക്ക് വെബ്സൈറ്റിൽ ലഭ്യമാണ്. സ്വാശ്രയ എം.ബി.ബി.എസ് കോഴ്സുകളുടെ 2025-26 വർഷത്തെ ഫീസ് സർക്കാർ നിശ്ചയിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ സ്വാശ്രയ എം.ബി.ബി.എസ് കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ 2024-25 വർഷത്തെ ഫീസ് താത്ക്കാലികമായി അടയ്ക്കേണ്ടതും കൂടാതെ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി/സർക്കാർ/ബഹു.ഹൈക്കോടതി ഉത്തരവ് പ്രകാരം നിശ്ചയിക്കപ്പെടുന്ന 2025-26 വർഷത്തെ ഫീസ് അനുസരിച്ച് അധിക തുക അടയ്ക്കേണ്ടി വന്നാൽ പ്രസ്തുത തുക പിന്നീട് അടയ്ക്കേണ്ടതുമാണ്.

**<u>ടോക്കൺ ഫീസ്</u>**

- എം.ബി.ബി.എസ്/ബി.ഡി.എസ്. കോഴ്സുകൾക്ക് സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിരിക്കുന്ന തുക അതാത് കോളേജുകളിൽ ഒടുക്കേണ്ടതാണ്.
- എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്ക് ഗവണ്മെന്റ് മെഡിക്കൽ/ദന്തൽ കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്നവർ മുഴുവൻ ഫീസ് തുകയും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്.
- അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.ടി/ഒ.ഇ.സി./മത്സ്യത്തൊഴിലാളിയുടെ മക്കൾക്ക് ലഭ്യമായ ആനുകൂല്യങ്ങൾക്ക് അർഹമായ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ 20.06.2005 തീയതിയിലെ സ.ഉ.(കൈ) 25/2005/SCSTDD, 28.05.2014 തീയതിയിലെ സ.ഉ.(കൈ)10/2014/BCDD എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും, ശ്രീ ചിത്രാഹോം, ജുവനൈൽഹോം, നിർഭയഹോം എന്നിവയിലെ ടോക്കൺ ഫീസ് അടയ്ക്കേണ്ടതില്ല. എന്നാൽ ടി വിദ്യാർത്ഥികൾ സ്വാശ്രയ കോളേജുകളിലെ മൈനോറിറ്റി/എൻ.ആർ.ഐ. സീറ്റിൽ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം ഫീസിളവിന് അർഹരല്ല.

**<u>കുറിപ്പ്</u>**

1. അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടുകയും പഠനം തുടരുകയും ചെയ്യും എന്നുറപ്പുള്ള കോളേജുകളിലേയ്ക്കും കോഴ്സുകളിലേയ്ക്കും മാത്രം ഓപ്ഷനുകൾ നൽകാൻ വിദ്യാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
2. MCC മാർഗ്ഗനിർദ്ദേശമനുസരിച്ച് All India Quota യിൽ മൂന്നാം റൗണ്ടിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികളുടെ ലിസ്റ്റ് MCC ലഭ്യമാക്കുകയും അത്തരം വിദ്യാർത്ഥികളെ മൂന്നാംഘട്ടത്തിലെ അലോട്ട്മെന്റിന് അയോഗ്യരാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്താൽ അവർ നൽകിയ ഓപ്ഷനുകൾ അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല. അതായത്, മൂന്നാം റൗണ്ടിൽ പങ്കെടുക്കാൻ ഇവർ അയോഗ്യരായിരിക്കും.
3. 14.10.2025 വൈകുന്നേരം 5.00 മണിക്കോ, അതിന് മുമ്പോ ഒന്നാംഘട്ടത്തിലും രണ്ടാംഘട്ടത്തിലും പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ് നഷ്ടപ്പെടുത്തി വിടുതൽ ചെയ്യാവുന്നതാണ്.
4. എൻ.ആർ.ഐ ക്വാട്ടാ പ്രവേശനത്തിനായി കാലാവധി കഴിഞ്ഞതോ, കഴിയാറായതോ ആയ രേഖകൾ ഓൺലൈൻ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ളവരിൽ സ്പോൺസറിൽ നിന്നുമുള്ള സത്യവാങ്മൂലം സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് ഓപ്ഷൻ സമർപ്പിക്കാവുന്നതാണ്. ഇത്തരം വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണർ നിശ്ചയിക്കുന്ന MBBS/BDS കോഴ്സുകളിലേയ്ക്കുള്ള മൂന്നാംഘട്ട അലോട്ട്മെന്റിനുള്ള ഓപ്ഷൻ സമർപ്പണത്തിന്റെ അവസാന തീയതിയ്ക്ക് (14.10.2025, 11 am) മുൻപായി കാലാവധിയുള്ള രേഖകൾ/acknowledgment സമർപ്പിക്കാത്ത പക്ഷം N R I കാറ്റഗറിയും, NRI കാറ്റഗറിയിൽ അലോട്ട്മെന്റ് ലഭിച്ച അഡ്മിഷൻ നേടുകയാണെങ്കിൽ പ്രസ്തുത അലോട്ട്മെന്റും റദ്ദാക്കുന്നതാണ്.

മൂന്നാംഘട്ട അലോട്ട്മെന്റിന് ശേഷം ഒഴിവ് വരുന്ന സീറ്റുകൾ സ്ട്രേ വേക്കൻസി റൗണ്ടിലൂടെ നികത്തുന്നതാണ്. സ്ട്രേ വേക്കൻസിയെക്കുറിച്ചുള്ള വിശദ വിവരങ്ങൾ പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

പ്രവേശനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in**എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾക്ക് വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ മേൽ വെബ്സൈറ്റ് നിരന്തരം സന്ദർശിക്കേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471 – 2332120, 2338487**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
06-10-2025

Signed by
Arun S Nair
Date: 06-10-2025 20:59:09